**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 84** **07-10-2024 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് വിമാനതാവളത്തിന്റെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവെ വികസനത്തിന് വേണ്ടി ഏറ്റെടുത്ത 5.0763 ഹെക്ടർ ഭൂമിയിൽ നടക്കുന്ന റൺവെ വികസനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും അത് എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ; | (എ) | കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവെ വികസനത്തിനുള്ള ജോലികൾ പുരോഗമിക്കുകയാണ്. 2025 സെപ്റ്റംബറോടെ പ്രവർത്തി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | ഇതിന് ഏകദേശം എത്ര ടൺ മണ്ണ് വേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ മണ്ണ് മലപ്പുറം ജില്ലയിലോ സമീപ ജില്ലയിലോ ലഭ്യമാണോയെന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | റൺവെ വികസനത്തിനായി ഏകദേശം 33 ലക്ഷം ക്യുബിക് മീറ്റർ മണ്ണ് ആവശ്യമായി വരും. ഇതിനായി 12 മുതൽ 15 കിലോ മീറ്റർ ചുറ്റളവിലുള്ള മൈനിംഗ് സൈറ്റുകൾ മലപ്പുറം ജില്ലയിൽ തന്നെ കണ്ടെത്തിയിട്ടുണ്ട്. |
| (സി) | വിമാനത്താവള വികസന മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ 2047 വർഷത്തോടെ റൺവെ 2700 മീറ്ററിൽ നിന്ന് 3770 മീറ്ററായി ഉയർത്തുന്നതിന് ഭൂമി ഏറ്റെടുക്കാനുള്ള അപേക്ഷ സർക്കാരിന് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ സമർപ്പിച്ചിട്ടുണ്ടോ; | (സി) | കോഴിക്കോട് വിമാനത്താവളത്തിന്റെ 2047 വരെയുള്ള മാസ്റ്റർ പ്ലാനിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ കത്ത് സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | എങ്കിൽ ഇപ്പോൾ നടക്കുന്ന റൺവെ വികസനത്തിന് ആവശ്യമായ മണ്ണ് പോലും ലഭിക്കാത്ത സാഹചര്യത്തിൽ വലിയ തോതിലുള്ള റൺവെ വികസനം 2047 ൽ സാധ്യമാകുമോയെന്ന് പരിശോധന നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ഡി) | നിലവിൽ പരിശോധന നടത്തിയിട്ടില്ല. |
| (ഇ) | 2047-ൽ നടത്താൻ ഉദ്ദേശിക്കുന്ന വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാരിലേക്ക് അപേക്ഷ നൽകി എന്ന കാരണത്താൽ വിമാനത്താവള പരിസരത്ത് ലൈഫ് പദ്ധതിയിലുള്ള വീട്ടുകൾ അടക്കം നിർമ്മിക്കുന്നതിനായി അനുമതിക്കുള്ള നിരാക്ഷേപ പത്രം വിമാനത്താവള അധികൃതർ നിരസിക്കുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (എഫ്) | എങ്കിൽ 2047 ലെ വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള 11 (1) നോട്ടിഫിക്കേഷൻ വരുന്നതുവരെ വീട് നിർമ്മിക്കുന്നതിന് അനുമതിക്കുള്ള നിരാക്ഷേപ പത്രം നിരസിക്കരുതെന്ന് എയർപോർട്ട് അതോറിറ്റിക്ക് നിർദ്ദേശം നൽകുമോ; വിശദമാക്കുമോ? | (എഫ്) | വീട് നിർമ്മിക്കുന്നതിനുള്ള പെർമിറ്റ് നൽകുന്ന വിഷയത്തിൽ 03.09.2024 ൽ ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനം അനുസരിച്ച് പ്രദേശത്ത് എയർപ്പോർട്ടിനായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള, നോട്ടിഫിക്കേഷൻ വരുന്നത് വരെയോ, വിദൂര ഭാവിയിൽ പ്ലാൻ ചെയ്യുന്ന പദ്ധതിയുടെ പ്രായോഗികത ഉറപ്പാക്കുന്നത് വരെയോ, എയർപ്പോർട്ട് അധികൃതരുടെ NOC കണക്കിലെടുക്കാതെ രണ്ട് നില വരെയുള്ള താമസകെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കണമെന്ന ശുപാർശ സർക്കാർ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ